നേർക്കാഴ്ച മാതൃഭൂമി 22/9/12 കെ.പത്മജൻ

# കൈ നനയാതെ സ്രാവിനെ പിടിക്കുന്നവർ

കൈ നനയാതെ മീൻ പിടിക്കുന്നത് കണ്ടിട്ടുണ്ട് , പക്ഷെ ഇങ്ങനെ കൊമ്പൻ സ്രാവിനെ പിടിക്കുന്നത് ഇവിടെ മാത്രമെ ഉണ്ടാകുകയുള്ളു. പണ്ടൊക്കെ തൊഴിലാളി യൂണിയൻ പ്രവർത്തനം സന്നദ്ധസേവനമായിരുന്നു.എന്നാൽ ഇപ്പോൾ അത് ഉദ്യോഗമായി മാറിയിരിക്കുന്നു , കൈ നനയാതെ, മേലനങ്ങാതെ ശമ്പളം കിട്ടുന്ന പണി...ഒരിക്കൽ നേതാവായി കിട്ടേണ്ട കാര്യം മാത്രമേയുള്ളു. പിന്നെ കുശാൽ... യൂണിയൻെറ ചെലവിൽ പണിയെടുക്കാതെ കഴിയാം..

എറണാകുളം മാർക്കറ്റിൽ നിന്നാണ് പുതിയ വെളിപ്പെടുത്തലുകൾ വരുന്നത്....ചുമട്ടുതൊഴിലാളികളുടെ യൂണിയൻെറ തലപ്പത്തിരിക്കുന്നവരെക്കുറിച്ച് തൊഴിലാളികൾ തന്നെയാണ് ഇപ്പോൾ ചില സത്യങ്ങൾ പുറത്തു വിടുന്നത്. നേതാക്കളായി വരുന്നവർ തൊഴിലെടുക്കുന്നതുപോട്ടെ , യൂണിഫോം പോലും ഇടാതെ കൂലിവാങ്ങുന്നുവെന്നാണ് തൊഴിലാളികളുടെ കുറ്റപ്പെടുത്തൽ.. നേതൃത്വത്തിൻെറ അഴിമതിയിൽ പ്രതിഷേധിച്ച് കുറെ പേർ ഒടുവിൽ യൂണിയൻ തന്നെ വിടാൻ തീരുമാനിച്ചതോടെയാണ് അണിയറ രഹസ്യങ്ങൾ പലതും പുറത്തായത്.

പണിയെടുത്തില്ലെങ്കിലും എന്നും നേതാവിന് ഒപ്പു വീഴും. അതുകൊണ്ട് മുഴുവൻ ദിവസത്തേയും ആനുകൂല്യം നേതാവിന് കിട്ടും.ഞായറാഴ്ചകളിൽ വളരെ കുറച്ച് തൊഴിലാളികൾ മാത്രമെ പണിയെടുക്കാനുണ്ടാവുകയുള്ളു. കൂടുതൽ പണം ഉണ്ടാകുമെന്നതിനാൽ അന്നത്തെ വേതനം വീതിക്കുമ്പോൾ നേതാവിൻെറ പേര് ഉൾപ്പെട്ടിരിക്കണം. ഇല്ലെങ്കിൽ പണിയെടുത്ത തൊഴിലാളികൾ വിവരം അറിയും. മുഴുവൻ പ്രവൃത്തി ദിവസങ്ങളിലും, നേതാവ് രേഖയിൽ ഹാജരായിരിക്കും. ഫലത്തിൽ ഏറ്റവും കൂടുതൽ വേതനം പണിയെടുക്കാത്ത നേതാവിന്.

അട്ടിമറി, കയറ്റിറക്ക് തൊഴിലാളികൾ തൊഴിലുടമകളിൽ നിന്ന് നേരിട്ട് പണം വാങ്ങരുതെന്നാണ് ചുമട്ടുതൊഴിലാളി നിയമം. എന്നാൽ തൊഴിലാളികൾ പലപ്പോഴും നേരിട്ട് പണം സ്വീകരിക്കുന്നുണ്ട്.ഇതു വഴി ലക്ഷക്കണക്കിന് രൂപയാണ് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് നഷ്ടമാകുന്നത്. ചുമട്ടുകൂലിക്കൊപ്പം തൊഴിലുടമ അടയ്ക്കുന്ന 27 ശതമാനം ലെവിയാണ് ക്ഷേമനിധി ബോർഡിൻെറ വരുമാനം. ഈ പണം കൊണ്ടുവേണം ബോർഡിന് തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പാക്കാൻ . എന്നാൽ യൂണിയൻെറ ഒത്താശയോടെ തൊഴിലാളികൾ നേരിട്ട് പണം കൈപ്പറ്റുമ്പോൾ ലെവി ബോർഡിൽ എത്തില്ല. പകരം ഓണഫണ്ടെന്നും മറ്റുമുള്ള പേരിൽ യൂണിയൻ നടത്തുന്ന വാർഷിക ഫണ്ടിലേക്ക് ഈ പണം പോകുന്നു. ഇത്തവണ ഓണഫണ്ട് പൊട്ടിച്ചപ്പോൾ തൊഴിലെടുക്കാത്ത ഒരു തൊഴിലാളി നേതാവിന് കിട്ടിയ ബോണസ് ₹30ലക്ഷം രൂപയാണത്രെ ! ഇതുകൂടാതെ വർഷത്തിൽ ബോർഡ് നൽകുന്ന ബോണസ് വേറെയും കിട്ടും.അതും നേതാവിന് തന്നെയായിരിക്കും കൂടുതൽ. എല്ലാ ദിവസവും നേതാവ് രേഖകളിൽ ഹാജരാണ്. എതിർത്ത് പറയാൻ ആർക്കും ധൈര്യമില്ല . എതിർത്താൽ സംഘടനയ്ക്ക് പുറത്താകും. ജീവിതം തന്നെ വഴിമുട്ടും...

> ചുമട്ടുതൊഴിലാളികൾ , യൂണിയൻേറയും പാർട്ടിയുടേയുമെല്ലാം ചട്ടുകമാവേണ്ടിവരുന്നു. ചാവേറാകേണ്ടിവരുന്നു...ഒരു എതിർപ്പ് പോലുമില്ലാതെ നേതാക്കൾ പറയുന്നത് എന്തും അപ്പാടെ അനുസരിക്കേണ്ടിവരുന്നു . നട്ടെല്ലുയർത്തി നിന്നിരുന്ന തൊഴിലാളിക്ക് കാലം മാറിയപ്പോൾ യൂണിയൻ എന്ന മുതലാളിക്ക് മുന്നിൽ തല കുനിക്കേണ്ടിവരുന്നു...

1997 ൽ നേതാക്കൾ ലെവി ഇനത്തിൽ നടത്തിയ വെട്ടിപ്പിനെക്കുറിച്ച് പരാതിപ്പെട്ട ഒരു തൊഴിലാളി അനുഭവിച്ച പീഡനങ്ങളുടെ കഥ എറണാകുളം മാർക്കറ്റിൽ അറിയാത്തവരില്ല... ഇ.ആർ. ജിപൂളിൽ നിന്ന് നേതാക്കൾ ലെവി പിരിച്ച് സ്വന്തം പോക്കറ്റിലിട്ടതിനെതിരെ പ്രതികരിച്ച കൊച്ചുകുട്ടൻ പിള്ള എന്ന സാധാരണ ചുമട്ടുതൊഴിലാളിക്കെതിരെ വധശ്രമം വരെ ഉണ്ടായി. അദ്ദേഹത്തെ യൂണിയനിൽ നിന്ന് പുറത്താക്കി. ഒടുവിൽ പോലീസ് സംരക്ഷണയിൽ കൊച്ചുകുട്ടൻ പിള്ള ചുമട് എടുത്തപ്പോൾ അത് വലിയ വാർത്തയായി...

ഇപ്പോൾ വീണ്ടും എറണാകുളം മാർക്കറ്റിൽ യൂണിയൻ നേതൃത്വത്തിൻെറ അഴിമതിക്കെതിരെ ശബ്ദമുയരുകയാണ്. ഇക്കുറി കുറച്ചധികം പേർ ചേർന്നാണ് നേതൃത്വത്തിനെതിരെ രംഗത്തുവന്നിട്ടുള്ളത്...

എറണാകുളം മാർക്കറ്റിന് തൊഴിലാളികളുടെ വിയർപ്പിൻെറ ഗന്ധമാണ്. എന്നാൽ എല്ലുമുറിയെ പണിയെടുക്കുന്ന ഈ തൊഴിലാളികളെ അവരുടെ യൂണിയൻ തന്നെ ചൂഷണം ചെയ്യുന്ന സ്ഥിതി. യൂണിയൻ നേതാക്കൾക്ക് തൊഴിലാളികൾ പിരിവെടുത്ത് അലവൻസ് നൽകുന്നത് സാധാരണ നടക്കുന്നതാണ്. എന്നാൽ ഇവിടെ പണിയെടുക്കാതെ, ഏറ്റവും കൂടുതൽ പണിയെടുത്തയാളുടെ വേതനം നേതാവ് കൈപ്പറ്റുന്നു. നേതാവിനെ ചോദ്യം ചെയ്താൽ പണി പോകും. നേതാക്കൾ എല്ലാവരും ഇങ്ങനെയാണെന്നല്ല...എന്നാൽ ഇത്തരക്കാരും ഉണ്ടെന്ന് വ്യക്തമായിരിക്കുകയാണ്...

എറണാകുളം മാർക്കറ്റിൽ മാത്രമല്ല,ഒട്ടുമിക്ക സ്ഥലത്തും ചുമട്ടുതൊഴിലാളികൾ , യൂണിയൻേറയും പാർട്ടിയുടേയുമെല്ലാം ചട്ടുകമാവേണ്ടിവരുന്നു, ചാവേറാകേണ്ടിവരുന്നു...ഒരു എതിർപ്പ് പോലുമില്ലാതെ നേതാക്കൾ പറയുന്നത് എന്തും അപ്പാടെ അനുസരിക്കേണ്ടിവരുന്നു .എന്തെങ്കിലും പറഞ്ഞാൽ പിറ്റേന്ന് പണിയില്ല . പിന്നെ പണിക്ക് കയറണമെങ്കിൽ നേതാക്കൾ തന്നെ കനിയണം. തൊഴിൽ മേഖലയിൽ അച്ചടക്കം വേണ്ടെന്നല്ല . അത് അത്യാവശ്യമാണ്. എന്നാൽ അതിൻെറ പേരിൽ പാവപ്പെട്ട തൊഴിലാളികളെ നേതാക്കൾ പിഴിഞ്ഞാലോ ? നട്ടെല്ലുയർത്തി നിന്നിരുന്ന തൊഴിലാളിക്ക് കാലം മാറിയപ്പോൾ യൂണിയൻ എന്ന മുതലാളിക്ക് മുന്നിൽ തല കുനിക്കേണ്ടിവരുന്നു...പലതും കണ്ടില്ലെന്ന് നടിച്ച് നാണംകെട്ട് ജീവിക്കേണ്ടിവരുന്നു...